പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2294

10.10.2011 ൽ മറുപടിയ്ക്ക്.

# ആദിവാസി വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീമതി പി കെ ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ആദിവാസി ജനവിഭാഗങ്ങൾക്ക് നിലവിലുള്ള സൗജന്യ ചികിത്സാ സഹായ പദ്ധതികൾ ഏതൊക്കെയാണ്; | (എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള 10 കോടി രൂപ വിനിയോഗിച്ച് ഒരു സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 14 ജില്ലാ ആശുപത്രികൾ, 5 മെഡിക്കൽ കോളേജുകൾ, 2 കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, റീജ്യണൽ കാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി, എന്നിവിടങ്ങളിൽ എത്തുന്ന പട്ടികവർഗ്ഗത്തിൽ പെടുന്ന രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി തുക അനുവദിച്ചു നൽകിവരുന്നു. രോഗ ബാധിതരായ പട്ടികവർഗ്ഗക്കാരെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവരെ മറ്റൊരു ആശുപത്രിയിലേക്കു മാറ്റുന്നതിനും ആവശ്യമായ അവസരങ്ങളിൽ രോഗികളെ വീട്ടിൽ എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം അനുവദനീയമാണ്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗരോഗികൾക്കും 10000/- രൂപ് വരെ സൗജന്യ ചികിത്സ ലഭ്യമാണ്. 10000/- രൂപയ്ക്കു മുകളിലുള്ള ചികിത്സ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗരോഗികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 50000/- രൂപ വരെ ചിലവാകുന്ന കേസുകൾ ആശുപത്രി വികസന |

| | |
|---|---|
| | സമിതിയും അതിനു മുകളിൽ വരുന്ന കേസുകളിൽ സർക്കാർതലത്തിലും അനുവദിച്ചുവരുന്നു. ഇത് കൂടാതെ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ദീർഘകാല ചികിത്സക്കായി പരമാവധി 25,000/- രൂപ വരെ ധനസഹായമായി നൽകിവരുന്നു. ഇതിൽ തന്നെ അടിയന്തിര ഘട്ടങ്ങളിൽ ധനസഹായമായി പ്രൊജക്റ്റ് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് 1000/- രൂപയും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് 10,000/- രൂപയിൽ താഴെയും തുക അനുവദിക്കാവുന്നതാണ് |
| (ബി) ഇപ്പോൾ തുടർന്നു വരുന്ന ചികിത്സാ സഹായ പദ്ധതിയിൽ പുതുതായി കൊണ്ടുവന്നിട്ടുള്ള ഉപാധികൾ മൂലം അവർക്ക് ചികിത്സാ സൗജന്യം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) സൗജന്യ ചികിത്സാ സഹായ പദ്ധതിയിൽ നിന്ന് ഇപ്പോൾ ഒഴിവാക്കിയിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണ്; | (സി) സൗജന്യ ചികിത്സാ സഹായ പദ്ധതിയിൽ നിന്ന് ഇപ്പോൾ ഒരു ആശുപത്രിയെയും ഒഴിവാക്കിയിട്ടില്ല |
| (ഡി) പ്രസ്തുത ആശുപത്രികളിൽ ചികിത്സാ സഹായ പദ്ധതികൾ പുനരാരംഭിക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ